(ഇ) ഇപ്പോഴുള്ള ഡിസ്റ്റിലറികളുടെ സ്ഥാപിതശേഷി എത്രയെന്ന് പറയുമോ ?

ഉത്തരം

(എ) പതിമൂന്ന് ഡിസ്റ്റിലറികൾ. അവയുടെ പേരുവിവരം ചുവടെ ചേർക്കുന്നു.

1. ട്രാവൻകൂർ ഷുഗേഴ്സ് ആന്റ് കെമിക്കൽസ് - തിരുവല്ല
2. കാസനോവ ഡിസ്റ്റിലറി, നാട്ടകം, കോട്ടയം
3. മാക്ഡവൽ ഡിസ്റ്റിലറി, ചേർത്തല
4. തോട്ടക്കാട് ഡിസ്റ്റിലറി, ആലുവ(പ്രവർത്തിക്കുന്നില്ല)
5. സൂപ്പർസ്റ്റാർ ഡിസ്റ്റിലറീസ് ആന്റ് ഫുഡ്സ്, പാമ്പാടി, തിരുവില്വാമല
6. പോൾസൺ ഡിസ്റ്റിലറി, തൃശ്ശൂർ
7. കെ. സി. ഡിസ്റ്റിലറീസ്, തൃശ്ശൂർ
8. കോ-ഓപ്പറേറ്റീവ് ഷുഗേഴ്സ് ലിമിറ്റഡ്, പാലക്കാട്
9. യുണൈറ്റഡ് ഡിസ്റ്റിലറീസ്, കോഴിക്കോട്
10. ദേവികുളം ഡിസ്റ്റിലറീസ്, എറണാകുളം(പ്രവർത്തിക്കുന്നില്ല)
11. ഇൻഡോ-സ്കോട്ടിഷ് ഡിസ്റ്റിലറി, എറണാകുളം
12. കെ. എസ്. ഡിസ്റ്റിലറി, കണ്ണൂർ (വ്യാവസായിക സ്പിരിറ്റ് മാത്രം, പ്രവർത്തിക്കുന്നില്ല)
13. നോർമാട്ടി ഡിസ്റ്റിലറി, ചീമേനി, കാസർഗോഡ് (പ്രവർത്തിക്കുന്നില്ല).

(ബി) പതിമൂന്ന് ഡിസ്റ്റിലറികൾ.

(സി) ഈ സർക്കാർ ഡിസ്റ്റിലറികൾ അനുവദിച്ചിട്ടില്ല.

(ഡി) സ്ഥാപിതശേഷി നിജപ്പെടുത്തിയിട്ടില്ല.

(ഇ) സ്ഥാപിതശേഷി നിജപ്പെടുത്തിയിട്ടില്ല.

ബിവറേജസ് കോർപ്പറേഷനിൽ നിന്നും എടുത്ത വായ്പ

80 (478) ശ്രീ. സി. മൊയിൻകുട്ടി :
ശ്രീ. കെ. പി. എ. മജീദ് :
ശ്രീ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബിവറേജസ് കോർപ്പറേഷനിൽ നിന്നും എത്ര കോടി രൂപ വായ്പയായി എടുത്തിട്ടുണ്ട് ;

(ബി) ഇതിന് ഇതിനകം എന്ത് പലിശ നൽകിയിട്ടുണ്ട് ;

(സി) വായ്പ തുക എത്രത്തോളം തിരിച്ചടച്ചിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) എന്താവശ്യത്തിനാണ് വായ്പ എടുത്തിട്ടുള്ളത് ; ഏതാവശ്യത്തിനായി വായ്പ തുക ചെലവഴിച്ചെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ ബിവറേജസ് കോർപ്പറേഷനിൽ നിന്ന് വായ്പ ഒന്നും തന്നെ എടുത്തിട്ടില്ല ;

(ബി -ഡി) ചോദ്യം ഉദിക്കുന്നില്ല.

ബ്ലന്റിംഗ് ആന്റ് ബോട്ടിലിംഗ് യൂണിറ്റുകൾ

81 (479) ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ഈ ഗവൺമെന്റ് നിലവിൽ വരുമ്പോൾ സംസ്ഥാനത്ത് എത്ര ബ്ലന്റിംഗ് ആന്റ് ബോട്ടിലിംഗ് യൂണിറ്റുകൾ ഉണ്ടായിരുന്നു ;

(ബി) ഇവയുടെ സ്ഥാപിതശേഷി എത്രയായിരുന്നു ;

(സി) ഇപ്പോൾ എത്ര ബ്ലന്റിംഗ് ആന്റ് ബോട്ടിലിംഗ് യൂണിറ്റുകൾ ഉണ്ട് ;

(ഡി) അവയുടെ സ്ഥാപിതശേഷി എത്രയെന്ന് പറയുമോ ?

ഉത്തരം

(എ) നാലെണ്ണം.

(ബി) സ്ഥാപിതശേഷി നിജപ്പെടുത്തിയിട്ടില്ല.

(സി) എട്ടെണ്ണം.

(ഡി) സ്ഥാപിതശേഷി നിജപ്പെടുത്തിയിട്ടില്ല.

മണിച്ചന്റെ വീട് റെയിഡ് ചെയ്തപ്പോൾ ലഭിച്ച ഡയറി

82 (480) ശ്രീ. എ. കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1999 ഒക്ടോബർ 14-നും 31-നും ഇടയിൽ ആദായ നികുതി വകുപ്പ് കല്ലുവാതുക്കൽ മദ്യദുരന്ത കേസ്സിലെ പ്രതിയായ മണിച്ചന്റെ വീട് റെയ്ഡ് ചെയ്തപ്പോൾ ലഭിച്ച ഡയറി കൂടുതൽ അന്വേഷണത്തിനായി വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയ്ക്ക് കൈമാറുകയുണ്ടായോ ;

(ബി) എങ്കിൽ അതിലെ കുറിപ്പുകളെപ്പറ്റി അന്വേഷിച്ചുവോ ;

(സി) പ്രസ്തുത ഡയറിയിൽ മണിച്ചൻ ആർക്കെല്ലാം മാസപ്പടി കൊടുത്തതായാണ് പറഞ്ഞിട്ടുള്ളത് ;

(ഡി) ഇവർ മാസപ്പടി വാങ്ങിയതായി അന്വേഷണത്തിൽ തെളിഞ്ഞിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly